# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:5237** **26.03.2018-ൽ മറുപടിക്ക്**

## സീമാറ്റ് കേരളയിലെ നിയമനങ്ങൾ

| ചോദ്യം | | | **ഉത്തരം** |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| എ) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സീമാറ്റ് കേരള എന്ന സ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ വേണ്ടി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ; | എ) | ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്വയംഭരണ സ്ഥാപനമായ സീമാറ്റ് - കേരളയിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) | ഈ സ്ഥാപനത്തിൽ നിലവിൽ എത്രപേർ ജോലി നോക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ബി) | അന്യത്ര സേവന വ്യവസ്ഥയിൽ ഒരു ഡയറക്ടറും, കരാർ അടിസ്ഥാനത്തിൽ 16 ജീവനക്കാരും ദിവസവേതനാടിസ്ഥാനത്തിൽ ഒരാളും ഉൾപ്പെടെ ആകെ 18 ജീവനക്കാരാണ് സീമാറ്റ് കേരളയിൽ ജോലിചെയ്തുവരുന്നത്. |
| സി) | ജീവനക്കാരെ നിയമിച്ചതിൽ സംവരണം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) | സീമാറ്റ് - കേരളയിൽ കരാർ / ദിവസവേതന നിയമനങ്ങളായതിനാൽ സംവരണം പാലിച്ചിട്ടില്ല |
| ഡി) | ഒഴിവുള്ള തസ്തികകൾ നികത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ഡി) | സീമാറ്റ്-കേരളയിൽ സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുകയോ, തസ്തിക സൃഷ്ടിക്കൽ നടത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ, സ്ഥിരം നിയമനങ്ങൾ നടത്താനാകില്ല. സ്റ്റാഫ് പാറ്റേൺ നിർണ്ണയിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഭരണനിർവ്വഹണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു. സീമാറ്റ് - കേരളയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ നടത്തിപ്പിലേയ്ക്കായി ജീവനക്കാരെ ഭരണ നിർവ്വഹണ സമിതിയുടെ അനുമതിയോടെ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിച്ച് വരികയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ